

# ഞങ്ങളുടെ സോഫ്ട്‌വെയർ ടീം



**എസ്. ഹരികിഷോർ ഐ എ എസ്**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

ഒരു ഓഫീസിലെ എല്ലാ ആവശ്യങ്ങളും പരമാവധി ഓഫീസിൽ തന്നെ (ഇൻ ഹൗസായി) ചെയ്യാൻ സാധിച്ചാലാണ് ഏറ്റവും കാര്യക്ഷമതയോട് കൂടിയും ആവശ്യങ്ങൾ കൃത്യതയോട് കൂടിയും ചെയ്യാൻ സാധിക്കൂ എന്ന തിരിച്ചറിവിൽ നിന്നാണ് സ്വന്തമായി ഒരു സോഫ്ട്‌വെയർ ടീം കുടുംബശ്രീയിൽ വേണമെന്ന് ഞങ്ങൾ തീരുമാനിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷം ഒരു സോഫ്ട്‌വെയർ ടീം ഞങ്ങൾ രൂപീകരിച്ചു.

ഐടി മേഖലയിൽ എട്ട് വർഷം ഉൾപ്പെടെ ആകെ 13 വർഷത്തെ പരിചയ സമ്പത്തുള്ള എസ്. മേഘ്നയാണ് സോഫ്ട് വെയർ ടീം മോണിറ്റർ ചെയ്യുന്ന ലീഡർ. ഈ മേഖലയിൽ ആറ് വർഷത്തെ പരിചയ സമ്പത്തുള്ള എസ്. സുരഭിയും 3 വർഷത്തെ പരിചയ സമ്പത്തുള്ള ആർ. നിധിനും ടീമിലെ മറ്റ് അംഗങ്ങൾ. ആദ്യഘട്ടത്തിൽ കുടംബശ്രീയിലെ വിവിധ ടീമുകൾക്ക് മോണിറ്ററിങ്ങിനും അവരുടെ പ്രോജക്ടുകൾ മികച്ച രീതിയിൽ നടപ്പാക്കാനും ആവശ്യമുള്ള സോഫ്ട് വെയറുകൾ എന്തൊക്കെയാണെന്ന് ചോദിച്ചു. ഇതനുസരിച്ച് ടീമുകളെല്ലാം ആവശ്യമുള്ള സോഫ്ട് വെയറുകളുടെ ലിസ്റ്റ് നൽകുകയും ടീമുമായി ചർച്ച ചെയ്യുകയും ചെയ്തു. തുടർന്ന് കഴിഞ്ഞ ആറ് മാസം കൊണ്ട് എട്ട് സോഫ്ട് വെയറുകൾ ഞങ്ങളുടെ ടീം വികസിപ്പിച്ചു കഴിഞ്ഞു. ഇപ്പോൾ ആറ് സോഫ്ട്‌വെയറുകൾ വികസിപ്പിച്ചു കൊണ്ടിരിക്കുകയാണ്.

**സോഫ്ട്‌വെയറുകളുടെ ലിസ്റ്റ്**

**പൂർത്തിയാക്കിയവ**

1. കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെയും വാർഡ്തലത്തിലുള്ള അയൽക്കൂട്ടങ്ങളുടെ ഫെഡറേഷനായ ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റി (എഡിഎസ്)കളുടെയും പഞ്ചായത്ത് തലത്തിലുള്ള ഫെഡറേഷനായ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി (സിഡിഎസ്) എന്നിവയുടെയും ഗ്രേഡിങ് നടപ്പിലാക്കാനുള്ള സോഫ്ട്‌വെയർ

2. 2018ലെ പ്രളയത്തിന് ശേഷം കുടുംബശ്രീ മുഖേന നടപ്പാക്കിയ റീസർജന്റ് കേരള ലോൺ സ്കീം (ആർ കെഎൽഎസ്) തിരിച്ചടവ് മോണിറ്ററിങ്ങിനുള്ള സോഫ്ട്‌വെയർ

3. അഗതികളില്ലാത്ത കേരളം ലക്ഷ്യമിട്ട് നടപ്പാക്കുന്ന അഗതിരഹിത കേരളം പദ്ധതിയുടെ പുരോഗതി വിലയിരുത്താനും റിപ്പോർട്ട് ചെയ്യാനുമുള്ള സോഫ്ട്‌വെയർ

4. കാർഷിക മേഖലയിൽ കുടുംബശ്രീ വഴി നടപ്പാക്കുന്ന പദ്ധതിയായ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എം കെ എസ് പി) പദ്ധതി വഴി സംഘകൃഷി ഗ്രൂപ്പുകൾക്ക് നൽകുന്ന ഏരിയ ഇൻസെന്റീവ് ട്രാക്ക് ചെയ്യാനുള്ള സോഫ്ട്‌വെയർ

5. കുടുംബശ്രീ കേരളത്തിൽ വർഷത്തിൽ രണ്ട് തവണ സരസ് മേളകൾ (ഉത്പന്ന വിപണന മേളകൾ) നടത്താറുണ്ട്. അതിന്റെ ഓൺലൈൻ രജിസ്ട്രേഷനുള്ള സോഫ്ട്‌വെയർ

6. കുടുംബശ്രീയിലെ എല്ലാ ജീവനക്കാരുടെയും അപ്രൈസൽ ഓൺലൈനായി ചെയ്യുന്നതിനുള്ള സോഫ്ട്‌വെയർ

7. കുടുംബശ്രീ മുഖേന നടപ്പാക്കുന്ന ദേശീയ നഗര ഉപജീവന ദൗത്യം (എൻയുഎൽഎം) മോണിറ്റർ ചെയ്യുന്നതിനുള്ള സോഫ്ട്‌വെയർ

8. അഗതിരഹിത കേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ഇന്റഗ്രേഷനുള്ള സോഫ്ട്‌വെയർ

**പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നവ**

1. കുടുംബശ്രീ മുഖേന നടപ്പാക്കുന്ന ദേശീയ നഗര ഉപജീവന ദൗത്യം (എൻ യു എൽ എം) പദ്ധതിയുടെ ഭാഗമായി റിവോൾവിങ് ഫണ്ടിന്റെ ഉപയോഗം മോണിറ്റർ ചെയ്യുന്നതിനുള്ള സോഫ്ട്‌വെയർ.

2. ഓൺലൈൻ ഉത്പന്ന വിപണന രംഗത്തെ പ്രമുഖ കമ്പനിയായ ആമസോൺ മുഖേന കുടുംബശ്രീ ഉത്പന്നങ്ങൾ വിറ്റഴിക്കുന്ന കുടുംബശ്രീ- ആമസോൺ സഹേലിയിലൂടെയുള്ള വിൽപ്പനയും മറ്റും മാനേജ് ചെയ്യുന്നതിനുള്ള സോഫ്ട്‌വെയർ

3. കുടുംബശ്രീ മുഖേന നടപ്പാക്കുന്ന ആദിവാസി പ്രത്യേക പദ്ധതിയുടെ മോണിറ്ററിങ്ങിനുള്ള സോഫ്ട്‌വെയർ

4.. പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനം (ഗ്രീവ്നസ് അഡ്രസൽ സിസ്റ്റം)

5. നൈപുണ്യ പരിശീലനം നൽകലും തൊഴിൽ ലഭ്യമാകലും മോണിറ്റർ ചെയ്യുന്നതിനുള്ള സോഫ്ട്‌വെയർ

6. ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ (എൻ യു എൽ എം) ഭാഗമായി നടത്തുന്ന തെരുവുകച്ചവടക്കാരുടെ സർവ്വേയ്ക്കായുള്ള സോഫ്ട്‌വെയർ

**ചില സോഫ്ട്‌വെയറുകളുടെ ലിങ്കുകൾ താഴെ നൽകുന്നു.**

1. ആർകെഎൽഎസ് - http://mis.kudumbashree.org/rkls/
2. മൈക്രോ ക്രെഡിറ്റ് സർവ്വേ- http://mis.kudumbashree.org/mfsurvey/
3. എംകെഎസ്പി - http://mis.kudumbashree.org/subsidy/
4. ഓൺലൈൻ ക്വിസ് - http://mis.kudumbashree.org/onlinequiz/
5. അപ്രൈസൽ സോഫ്ട്‌വെയർ- h-ttp://mis.kudumbashree.org/appraisal/

പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് മൊബൈൽ ടെക്നോളജി ഉൾപ്പെടെ ഉപയോഗിക്കാനുള്ള ഓൺ ദ ജോബ് ട്രെയിനിങ് നേടുന്നതിനെക്കുറിച്ച് ഞങ്ങളുടെ ടീം ആലോചിക്കുകയാണ്. ജോലി ചെയ്ത് കൊണ്ട് പഠിക്കാവുന്ന കോഴ്സുകളെക്കുറിച്ചും സാങ്കേതിക വിദ്യകളെക്കുറിച്ചും സോഫ്ട് വെയർ ടീമിന്റെ ശേഷി കൂട്ടാനുള്ള അവസരങ്ങളെക്കുറിച്ചും അറിയിക്കാൻ താത്പര്യമുള്ളവർ സവൈ്യലലാശ@ഴാമശഹ.രീാ എന്ന മെയിലിൽ ഞങ്ങളെ ആ വിവരം അറിയിക്കുമല്ലോ. ഈ ടീമിനെ മെച്ചപ്പെടുത്താനുള്ള ഞങ്ങളുടെ ശ്രമത്തിൽ പങ്കാളിയാകാനും ആവശ്യമുള്ള നിർദ്ദേശം നൽകാനും നിങ്ങളെ ക്ഷണിക്കുന്നു.